ആലപ്പുഴ–മുഹമ്മറോഡ്

*൯ ൭ ൦. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലപ്പുഴ–മുഹമ്മറോഡിന്റെ സംരക്ഷണത്തിനായി ബഡ്ജറ്റവർഷത്തിൽ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത റോഡിൽക്കൂടി ഇപ്പോൾ എത്ര ലയിൻബസ്സുകൾ ഓടുന്നുണ്ട്;

(സി) വർഷകാലത്തു പ്രസ്തുതറോഡ് മോട്ടാർ ഗതാഗതത്തിനു തീരെ യോഗ്യമല്ലെന്നു ഗവൺമെണ്ടിനു് അറിയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧,൭൫൨ രൂപാ ചെലവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിൽക്കൂടി ൧൨ ഡിപ്പാർട്ടുമെണ്ടൽ ബസ്സുകളും ൩൨ പ്രൈവറ്റ് ബസ്സുകളും ഓടുന്നുണ്ട്.

(സി) ഇപ്പോൾ പ്രസ്തുത റോഡ് മോട്ടാർ ഗതാഗതത്തിനു് യോഗ്യമാണ്.

സഹിബ്ബ് ബഹദൂർ ടി. എ. അബ്ദുള്ള: ഏത്രമൈൽ റോഡിനാണ് ഈ ൧,൭൫൨ രൂപാ ചെലവാക്കിയത്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഏകദേശം ഏഴര മൈലോളം റോഡിനുവേണ്ടിയാണ്.

കലവൂർ–കാട്ടൂർ റോഡ്

*൯ ൭ ൧. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കലവൂർ-കാട്ടൂർ റോഡിന്റെ സംരക്ഷണത്തിനു് ഈ വർഷം എത്രതുക ചെലവാക്കിയിട്ടുണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

സംരക്ഷണത്തിനായി ഒന്നും ചിലവാക്കിയിട്ടില്ല. പക്ഷെ ഒരു സ്പെഷ്യൽ എസ്റ്റിമേറ്റ് അനുസരിച്ചു് ഒരു റോഡുണ്ടാക്കുന്നതിലേക്കായി ൧൦,൩൯൯ രൂപാ ചെലവാക്കിയിട്ടുണ്ട്.

FOOD PROCUREMENT

*972. [4] Sri. N. D. Jose: Will the Hon'ble Minister for Education, Labour and Civil Supplies be pleased to state:—

(*a*) the amount of food grains procured in the State this year, and expected to be procured;

(*b*) the amount of food grains expected to be imported; and

(*c*) whether these will be sufficient to provide sufficient rations?

Minister for Education, Labour and Civil Supplies (**Sri. Panampilli Govinda Menon**):

(*a*) (i) The amount of food grains procuredin the Travancore-Cochin State this year till the 28th October 1950 is the paddy equivalent of 61,982 tons of rice and 480 tons of Cholam.

LIBRARY ARCHIVES Kerala Legislative Assembly

(ii) The quantity of food grains expected to be procured this year is 70,000 tons of rice and 500 tons of Cholam.

(*b*) The total quantity of food grains expected to be imported into the State during the year is 2,50,000 tons of rice and 50,000 tons of millets.

(*c*) These allotments and the procured paddy will not be sufficient to provide 12 ounces ration to every adult.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ അലോട്ടുചെയ്തിരിക്കുന്ന കോട്ടാ പ്രകാരം എത്ര ഔൺസ് അരിവീതം കൊടുക്കാൻ സാധിക്കുമെന്നാണ് വിചാരിക്കുന്നത്?

Sri. Panampilli Govinda Menon: It is hoped that it will be sufficient to continue the present ration.

Sri. K. R. Elankath: That is at the rate of 7 Ounces?

Sri. Panampilli Govinda Menon: Yes.

ശ്രീ. ഈപ്പൻ അറക്കൽ: ഇപ്പോൾ അലോട്ടുചെയ്തിരിക്കുന്ന കോട്ടാ കഴിഞ്ഞ കൊല്ലത്തേക്കാൾ കുറവാണോ; കൂടുതലാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കഴിഞ്ഞകൊല്ലത്തെക്കാൾകുറവാണ്. അതിനു കാരണം പ്രത്യേകിച്ചും ഇൻഡ്യാഗവണ്മെണ്ടു് ഇൻഡ്യക്കുപുറമേനിന്നും ഭക്ഷണസാധനങ്ങൾ സംഭരിക്കുന്നതിനു് വിസമ്മതിക്കുകയാൽ ഇക്കൊല്ലത്തിൽ നമുക്കുള്ള അലോട്ടുമെൻറ് 1 ലക്ഷം ടണ്ണായിട്ടു് കുറക്കുകയുണ്ടായി.

ശ്രീ. ഈപ്പൻ അറക്കൽ: അങ്ങിനെ കോട്ടാ അലോട്ടു ചെയ്യുന്നതിലേക്കുകൂടിയ സമിതിയിൽ ഈ ഗവണ്മെണ്ടിനെ പ്രതിനിധീകരിച്ചു് ആരെങ്കിലും ഉണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരുന്നു.

ശ്രീ. ഈപ്പൻ അറക്കൽ: എന്നാണ് അങ്ങനെ ഇൻഡ്യാ ഗവണ്മെണ്ടു് തീരുമാനിച്ചതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ജനുവരി മാസത്തിലാണ് ഇപ്രകാരം അനൗൺസ് ചെയ്തിട്ടുള്ളതു്.

ശ്രീ. ഈപ്പൻ അറക്കൽ: ഈ ഗവണ്മെണ്ടിനെ പ്രതിനിധീകരിച്ചതു് ആരായിരുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഗവണ്മെണ്ടിനെ പ്രതിനിധീകരിച്ചതു് ഈ വകുപ്പുമന്ത്രി കൂടി ആയ ഞാൻ തന്നെ ആയിരുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ സംസ്ഥാനത്തു് ഫുൾ ഔൺസ് റേഷൻ കിട്ടുന്നതിലേക്ക് ഏതെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡ്യാ ഗവണ്മെണ്ടിൽനിന്നും കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിനു് ആവശ്യപ്പെട്ടിട്ടുണ്ടു്. കൂടാതെ ഈ നാട്ടിൽ ഭക്ഷ്യധാന്യങ്ങൾ വളർത്തിക്കാൻ വേണ്ട ശ്രമങ്ങൾ ചെയ്യുക, ഇവിടത്തെ പ്രൊഡ്യൂസർമെൻറ് ശക്തിപ്പെടുത്തുക ഇവയും ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ള നടപടികളാണ്.

ശ്രീ. ഈപ്പൻ അറക്കൽ: ഇപ്പോൾ ഉള്ള കോട്ട കൊണ്ടു് നമുക്കു് ഫുൾ ഔൺസു കൊടുക്കാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ. സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly